150 YEARS OF CELEBRATING THE MAHATMA


# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 33, ടെലിഫോൺ–0471-2300524, 2302090, 2300523

ഇ–മെയിൽ–director.mwd@kerala.gov.in, വെബ് സൈറ്റ്–www.minoritywelfare.kerala.gov.in


നം. എം.ഡബ്ല്യൂ.ഡി/1168/2023/എസ് തീയതി. 30.11.2023

'ഭരണ ഭാഷ-മാതൃഭാഷ'

## വിജ്ഞാപനം

## ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് യു.ജി.സി/ സി.എസ്.ഐ.ആർ – നെറ്റ് (UGC/CSIR –NET) പരിശീലനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി "യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ്" പരീക്ഷാ പരിശീലന ത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത **25 സ്ഥാപനങ്ങൾ** മുഖാന്തിരമാണ് കോച്ചിംഗ് സംഘടിപ്പിക്കുന്നത്.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദം ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുമാണ് പരിശീലത്തിന് അർഹത. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും, കുടുംബ വാർഷിക വരുമാനത്തിന്റെയും, മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. *www.minoritywelfare.kerala.gov.in* എന്ന വകുപ്പ് വെബ് സൈറ്റിലും കോച്ചിംഗിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലും അപേക്ഷ ഫോം ലഭ്യമാണ്. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ടി അപേക്ഷ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ഡിസംബർ 10. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്. **(പരിശീലന**

Scanned with OKEN Scanner

സ്ഥാപനത്തിന്റെ മേൽവിലാസവും, കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പറും വകുപ്പ് വെബ് സൈറ്റിൽ ലഭ്യമാണ്).

**<u>അപേക്ഷിക്കേണ്ട രീതി:</u>**

*www.minoritywelfare.kerala.gov.in* എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകളുടെ പകർപ്പ് സഹിതം താത്പര്യമുള്ള പരിശീലന സ്ഥാപനത്തിലെ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>**

1. അപേക്ഷ ഫോട്ടോ സഹിതം സമർപ്പിക്കുക.
2. റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. പി.ജി. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്
4. അപേക്ഷിക്കേണ്ട അവസാന തീയതി: 10.11.2023.

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**(ഡയറക്ടർ ഇൻ ചാർജ്)**

Scanned with OKEN Scanner

GOVERNMENT OF KERALA
DIRECTORATE OF MINORITY WELFARE

# APPLICATION FOR UGC/CSIR-NET COACHING 2023-2024

**(*BPL /APL Candidates with family income less than 800000 per annum are eligible to apply)**

| | | |
|---|---|---|
| Name of Student | | Add Passport Size Photo of Applicant |
| Date of Birth | / / | |
| Age | | |
| Gender | | |
| Address of Applicant (Home) | | |
| District | | |
| Caste | | |
| Religion | | |
| Whether BPL | Yes ☐ No ☐ | |
| If APL, Please mention Family Income. APL Candidates with family income less than 800000 per annum can apply | | |
| Educational Qualifications | | |
| Main Subject in PG | | |
| Percentage of Marks in PG (Subject Wise Grand Total) | | |
| Whether College Going or Course Completed | | |
| Name of College in which the candidate is now Studying | | |
| Name of Coaching Centre (College) and Subject sought for UGC/CSIR – NET Coaching | | |
| Contact Number | | |
| E-mail id | | |

| | | |
|---|---|---|
| Date | / / | Signature : |
| Place | | |

**Documents to be attached with Application Form**

1. Affix Passport size photo in Application Form.
2. Copy of SSLC Certificate (Front Page).
3. Copy of PG Mark List.
4. Income Certificate.
5. Ration card copy.